**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2716** **24-06-2024 - ൽ മറുപടിയ്ക്ക്**

**സഹകരണ മേഖലയിൽ യുവജനങ്ങളെ ആകർഷിക്കുന്നതിനായി നടപ്പാക്കുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ മേഖലയിലേക്ക് യുവാക്കളെ ആകർഷിക്കുന്നതിനും പ്രോത്സാഹനം നൽകുന്നതിനുമായി നടപ്പാക്കി വരുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ; | (എ) | സഹകരണ മേഖലയിലേക്ക് യുവാക്കളെ ആകർഷിക്കുന്നതിനും പ്രോത്സാഹനം നൽകുന്നതിനുമായി യുവജനസംഘങ്ങൾ രൂപീകരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.<br><br>ഐടി മേഖല, സിനിമാ, ഡോക്യുമെന്ററി, ഷോർട്ട് ഫിലിം നിർമ്മാണം, മീഡിയ, ഡിസൈൻ, ആർട്ടിസ്റ്റ്, ഇവന്റ് മാനേജ്മെന്റ്, സേവനങ്ങൾ വീട്ടുകളിൽ എത്തിക്കൽ, ജനസേവന കേന്ദ്രങ്ങൾ ആരംഭിക്കുക, ഡിജിറ്റൽ വർക്കുകൾ, സോഫ്റ്റ്‌വെയർ ആപ്ലിക്കേഷൻ, ഡി.റ്റി.പി സെന്റർ, സോളാർ എനർജി, ആരോഗ്യ മേഖലയിലെ പ്രവർത്തനങ്ങൾ, പാലിയേറ്റീവ് പ്രവർത്തനങ്ങൾ, മാൻ പവർ സപ്ലൈ, പുസ്തക മേളകൾ സംഘടിപ്പിക്കൽ, പഠന യാത്രകൾ സംഘടിപ്പിക്കൽ, ട്യൂട്ടോറിയൽ സർവ്വീസസ്, കൃഷി, വ്യവസായം, ഭക്ഷ്യ സംസ്കരണ വിപണന മേഖല, തനത് കാർഷിക വിഭവങ്ങളുടെയും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെയും നിർമ്മാണം, വിതരണം, അഗ്രിക്കൾച്ചറൽ സപ്ലൈ ആന്റ് മാർക്കറ്റിംഗ്, ജൈവ അജൈവ മാലിന്യ ശേഖരണവും സംസ്കരണവും ഇവയുടെ റിസൈക്ലിങ്, തയ്യൽ, ടൂറിസം വികസന പദ്ധതികൾ, ഹോംസ്റ്റേ, ഫുഡ് പ്രോസസിംഗ് യൂണിറ്റുകൾ, കാറ്ററിംഗ് സർവ്വീസുകൾ, ലേബർ കോൺട്രാക്ട് വർക്കുകൾ, എസ്.സി/എസ്.റ്റി കരിയർ ഗൈഡൻസ് സെന്ററുകൾ, മറ്റ് സ്റ്റാർട്ടപ്പ് സംരംഭങ്ങൾ ആരംഭിക്കുക തുടങ്ങിയ മേഖലകളിലാണ് യുവജന സഹകരണ സംഘങ്ങൾ രൂപീകരിച്ചിട്ടുള്ളത്. |
| (ബി) | ഇതിന്റെ ഭാഗമായി യുവജനസംഘങ്ങൾ രൂപീകരിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ | (ബി) | സഹകരണ മേഖലയിലേക്ക് യുവാക്കളെ ആകർഷിക്കുന്നതിനും പ്രോത്സാഹനം |

| | | | |
|---|---|---|---|
| | ഏതൊക്കെ മേഖലകളിൽ യുവജന സംഘങ്ങൾ രൂപീകരിക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കുമോ; | | നൽകുന്നതിനുമായി യുവജനസംഘങ്ങൾ രൂപീകരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.<br><br>ഐടി മേഖല, സിനിമാ, ഡോക്യുമെന്ററി, ഷോർട്ട് ഫിലിം നിർമ്മാണം, മീഡിയ, ഡിസൈൻ, ആർട്ടിസ്റ്റ്, ഇവന്റ് മാനേജ്മെന്റ്, സേവനങ്ങൾ വീട്ടുകളിൽ എത്തിക്കൽ, ജനസേവന കേന്ദ്രങ്ങൾ ആരംഭിക്കുക, ഡിജിറ്റൽ വർക്കുകൾ, സോഫ്റ്റ്‌വെയർ ആപ്ലിക്കേഷൻ, ഡി.റ്റി.പി സെന്റർ, സോളാർ എനർജി, ആരോഗ്യ മേഖലയിലെ പ്രവർത്തനങ്ങൾ, പാലിയേറ്റീവ് പ്രവർത്തനങ്ങൾ, മാൻ പവർ സപ്ലൈ, പുസ്തക മേളകൾ സംഘടിപ്പിക്കൽ, പഠന യാത്രകൾ സംഘടിപ്പിക്കൽ, ട്യൂട്ടോറിയൽ സർവ്വീസസ്, കൃഷി, വ്യവസായം, ഭക്ഷ്യ സംസ്കരണ വിപണന മേഖല, തനത് കാർഷിക വിഭവങ്ങളുടെയും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെയും നിർമ്മാണം, വിതരണം, അഗ്രിക്കൾച്ചറൽ സപ്ലൈ ആന്റ് മാർക്കറ്റിംഗ്, ജൈവ അജൈവ മാലിന്യ ശേഖരണവും സംസ്കരണവും ഇവയുടെ റിസൈക്ലിങ്, തയ്യൽ, ടൂറിസം വികസന പദ്ധതികൾ, ഹോംസ്റ്റേ, ഫുഡ് പ്രോസസിംഗ് യൂണിറ്റുകൾ, കാറ്ററിംഗ് സർവ്വീസുകൾ, ലേബർ കോൺട്രാക്ട് വർക്കുകൾ, എസ്.സി/എസ്.റ്റി കരിയർ ഗൈഡൻസ് സെന്ററുകൾ, മറ്റ് സ്റ്റാർട്ടപ്പ് സംരംഭങ്ങൾ ആരംഭിക്കുക തുടങ്ങിയ മേഖലകളിലാണ് യുവജന സഹകരണ സംഘങ്ങൾ രൂപീകരിച്ചിട്ടുള്ളത്. |
| (സി) | ഇത്തരത്തിൽ രൂപീകരിച്ചിട്ടുള്ള സംഘങ്ങൾ അവയുടെ രൂപീകരണ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ; ശ്രദ്ധേയമായ പ്രവർത്തനങ്ങൾ നടത്തുന്ന സംഘങ്ങളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) | ഇത്തരത്തിൽ രൂപീകരിച്ചിട്ടുള്ള സംഘങ്ങൾ അവയുടെ രൂപീകരണ ലക്ഷ്യം പൂർണ്ണമായും കൈവരിച്ചിട്ടില്ല. എങ്കിലും ശ്രദ്ധേയമായ പ്രവർത്തനങ്ങൾ നടത്തുന്ന സംഘങ്ങളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ട്.<br><br>തിരുവനന്തപുരം ജില്ലയിൽ വട്ടിയൂർക്കാവ് യൂത്ത് ബ്രിഗേഡ് എന്റർപ്രണേഴ്സ് സംഘം ശ്രദ്ധേയമായ പ്രവർത്തനമാണ് നടത്തി വരുന്നത്. യുവാക്കളിലെ സംരംഭകത്വ ശീലങ്ങൾ പരിപോഷിപ്പിക്കുന്നതിനായിട്ടുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു. സ്മാർട്ട് സിറ്റിയുടെ ടെൻഡറിൽ പങ്കെടുത്ത് പുത്തരിക്കണ്ടം പുത്തൻച്ചന്ത എന്നീ പാർക്കുകളുടെ പരിപാലനം ഏറ്റെടുത്തിട്ടുണ്ട്. വൈബ് ഗ്രീൻ ആന്റ് ടൂറിസം ഡിവിഷൻ, വൈബ് പ്രോഡക്ട് ഡിവിഷൻ, വൈബ് ഹെൽത്ത് ഡിവിഷൻ, വൈബ് ഐ.റ്റി., വൈബ് സർവ്വീസ് ഡിവിഷൻ, വൈബ് മീഡിയ, വൈബ് അക്കാദമി എന്നീ പേരുകളിലുള്ള സംഘത്തിന്റെ വിവിധ പ്രോജക്ടുകളിലൂടെ വിവിധ സ്റ്റോറുകളും പ്രവർത്തനങ്ങളും നടത്തി വരുന്നു. കെ- |

ട്രാക്ക് യുവ സഹകരണ സംഘത്തിന്റെ കീഴിൽ ഈവന്റ് മാനേജ്മെന്റ്, ടൂറിസം, കാറ്ററിംഗ് സർവ്വീസ് എന്നീ പ്രവർത്തനങ്ങൾ നടത്തി വരുന്നു.

കൊല്ലം ജില്ലയിൽ രൂപീകരിച്ചിട്ടുള്ള ക്യു.1716 ക്വയിലോൺ ഇൻഫോ സൊല്യൂഷൻസ് യൂത്ത് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ഡിജിറ്റൽ പ്രിന്റിംഗ് യൂണിറ്റ് വിജയകരമായി പ്രവർത്തിക്കുന്നു. മീഡിയ വർക്ക് ചെയ്യുന്ന കലാകാരൻമാരുടെ ഉന്നമനത്തിന് വേണ്ടി രൂപീകരിക്കപ്പെട്ടിട്ടുള്ള സംഘമാണ് ആർട്ടിസ്റ്റ് വെൽഫെയർ യുവ സഹകരണ സംഘം ക്ലിപ്തം ക്യൂ. 1713. 2022 ൽ എറണാകുളത്തു വച്ച് നടന്ന സഹകരണ എക്സ്പോയിൽ ടി സംഘമാണ് മീഡിയ വർക്ക് ചെയ്തിരുന്നത്, ഇക്കോ സർവ്വീസ് യുവ സഹകരണ സംഘം ക്ലിപ്തം ക്യൂ 1714 ഉപയോഗ ശൂന്യമായ വസ്തുക്കൾ കെട്ടികിടന്ന് പരിസ്ഥിതിക്കുണ്ടാകുന്ന ആഘാതങ്ങൾ കുറയ്ക്കുക, ആക്രി സാധനങ്ങൾ ശേഖരിക്കുക എന്നീ ലക്ഷ്യത്തോടെ രൂപീകരിച്ചിട്ടുള്ളതാണ്. ഈ സംഘം നിലവിൽ നല്ല രീതിയിൽ പ്രവർത്തിക്കുന്നു.

കോട്ടയം ജില്ലയിൽ ഇ-നാട് യുവജന സഹകരണ സംഘം ക്ലിപ്തം നമ്പർ 1233 മാലിന്യ നിർമ്മാർജ്ജന രംഗത്ത് ശ്രദ്ധേയമായ പ്രവർത്തനങ്ങൾ നടത്തി വരുന്ന ഒരു യുവജന സഹകരണ സംഘമാണ്. ശുചിത്വ കേരളം എന്ന ലക്ഷ്യം യാഥാർത്ഥ്യമാക്കുവാൻ ഇ-മാലിന്യങ്ങൾ(ഇലക്ട്രോണിക് മാലിന്യം) ജൈവ അജൈവ മാലിന്യം എന്നിവയുടെ ശേഖരണവും അവയുടെ സംസ്കരണത്തിന് സംരംഭങ്ങൾ തുടങ്ങുകയും നിലവിലുള്ളവ ഏറ്റെടുത്ത് നടത്തുകയും ചെയ്യുക എന്ന ഉദ്ദേശത്തോടെയാണ് സംഘം പ്രവർത്തിക്കുന്നത്. കേരള ശുചിത്വ മിഷന്റെ അംഗീകൃത സർവ്വീസ് പ്രൊവൈഡർ കൂടിയാണ് ടി സംഘം. മാലിന്യ സംസ്കരണ രംഗത്തെ സ്റ്റാർട്ട് അപ് സംരംഭമായ ഫോബ് സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം ഡിസൈൻ ചെയ്ത് പുറത്തിറക്കിയ ഇൻഡ്യയിലെ ആദ്യ മൾട്ടിലെയർ എയ്റോബിക് ബിന്നായ ജി-ബിന്നിനെപ്പറ്റി വിശദമായി പഠിക്കുകയും ഫോബ് സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനവുമായി ചേർന്ന് എറണാകുളം ജില്ലയിലെ നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്തിൽ 500 ജി-ബിന്നുകളും, മലപ്പുറം ജില്ലയിലെ വേങ്ങര പഞ്ചായത്തിൽ 39 ജി-ബിന്നുകളും, മലപ്പുറം ജില്ലയിലെ വട്ടംകുളം പഞ്ചായത്തിലെ 503 ജീ-ബിന്നുകളും സ്ഥാപിക്കുന്നതിൽ പങ്കാളികളാകുകയും ചെയ്തിട്ടുണ്ട്.

| | | | |
|---|---|---|---|
| | | | എറണാകുളം ജില്ലയിൽ നവപാലാത്തുരുത്ത് സ്വയം സംരംഭക സഹകരണ സംഘം ലിമിറ്റഡ് നമ്പർ 1444 വീട്ടമ്മമാരും, തൊഴിൽരഹിതരുമായ യുവാക്കൾ ഉണ്ടാക്കുന്ന മായമില്ലാത്ത ഭക്ഷ്യസാധനങ്ങൾ വാങ്ങി സംഘം ആരംഭിച്ചിട്ടുള്ള കൺസ്യൂമർ സ്റ്റോർ വഴിയും സംഘത്തിന്റെ പരിധിയിലുള്ള എല്ലാ വീടുകളിലും ന്യായമായ വിലയ്ക്ക് എത്തിച്ച് വിപണനം നടത്തി വരുന്നു.<br><br>പാലക്കാട് ജില്ലയിൽ ചിറ്റൂർ ബ്ലോക്ക് യുവജന സഹകരണ സംഘം അരി, പഴം എന്നിവ കൊണ്ടുള്ള ഉല്പന്നങ്ങൾ, അച്ചാറുകൾ എന്നിവ ഉണ്ടാക്കി വിപണനം ചെയ്യുന്നു. നെന്മാറ ബ്ലോക്ക് യുവ സഹകരണ സംഘം 6 ഏക്കർ സ്ഥലത്ത് വിവിധതരം ചെടികൾ നട്ടുവളർത്തി വിപണനം നടത്തി വരുന്നു ടി സംഘങ്ങളുടെ പ്രവർത്തനത്തിലൂടെ 30 ഓളം യുവാക്കൾക്ക് തൊഴിൽ നൽകുന്നതിന് സാധിച്ചിട്ടുണ്ട്.<br><br>കോഴിക്കോട് ജില്ലയിൽ യൂത്ത് എംപവർമെന്റ് ആന്റ് വെൽഫെയർ മൾട്ടിപർപ്പസ് സഹകരണ സംഘം ഡി 3341 ന്റെ കീഴിൽ റെസ്പോൺസിബിൾ ടൂറിസം ക്ലബ് രജിസ്റ്റർ ചെയ്ത് സംഘത്തിന്റെ കീഴിൽ അഡ്വഞ്ചറസ് ടൂറിസം സ്കൂൾ ആരംഭിച്ചിട്ടുണ്ട്.<br><br>കാസറഗോഡ് ജില്ലയിൽ കാസർഗോഡ് മാർക്കറ്റിംഗ് യൂത്ത് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ കെ 590 പ്രാദേശികമായി കർഷകർ ഉത്പാദിപ്പിക്കുന്ന ഉത്പന്നങ്ങൾ അന്യ സംസ്ഥാനങ്ങളിൽ നിന്നും അരി, കാലിത്തീറ്റ, പലവ്യഞ്ജനങ്ങൾ മുതലായവ മിതമായ നിരക്കിൽ വാങ്ങി വെയർഹൗസുകളിൽ സൂക്ഷിച്ച് ജില്ലയിലെ ഏകദേശം 500 ഓളം ഷോപ്പുകളിൽ എത്തിക്കുന്നു. |

സെക്ഷൻ ഓഫീസർ